LIBRARY ARCHIVES Kerala Legislative Assembly.

വിജ്ഞാന മുദ്രണം പ്രസ്സിലെ ഡി.റ്റി.പി. ഓപ്പറേറ്റർ നിയമനം

49 [3337] ശ്രീ. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലാണോ വിജ്ഞാന മുദ്രണം പ്രസ്സ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രസ്സിൽ ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക നിലവിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിലെ നിയമനം സ്ഥിരമാണോ;

(ഇ) ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത, ശമ്പള സ്കെയിൽ എന്നിവ വ്യക്തമാക്കുമോ;

(എഫ്) നിയമനം താൽക്കാലികമാണെങ്കിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതേ.

(ബി, സി) രണ്ട് തസ്തികകൾ ഉണ്ട്. ഭരണ സൗകര്യത്തിനായി ടി തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ 26-3-2002-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനപ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

(ഡി) വിജ്ഞാന മുദ്രണം പ്രസ്സിൽ നിന്നും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റി നിയമിച്ച രണ്ടു ഡി.റ്റി.പി. ഓപ്പറേറ്റർമാരെ സ്ഥിരമാക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ഇ) യോഗ്യത നിശ്ചയിച്ചിട്ടില്ല. ശമ്പള സ്കെയിൽ 3050-5230 ആണ്.

(എഫ്) ഉദിക്കുന്നില്ല.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ താൽക്കാലിക നിയമനങ്ങൾ

50 [3338] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ഉണ്ട്;

(സി) സ്ഥാപനത്തിൽ ജീവനക്കാരുടെ അത്യാവശ്യമുണ്ടായിരുന്ന സാഹചര്യത്തിലാണോ മുൻകാലങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നിരുന്നത്;